# മലയാളത്തിന് ഒരു പുണ്യപത്രം കൂടി

മലയാളത്തിൽ ഒരു ദിനപത്രം കൂടി വരികയാണ്. ചെങ്കോട്ടുകോണം ശ്രീരാമദാസ ആശ്രമത്തിന്റെ സാരഥി ജഗദ്ഗുരു സ്വാമി സത്യാനന്ദ സരസ്വതിയാണ് പത്രം തുടങ്ങുന്നത്. മാതൃഭൂമിയുടേയും ജന്മഭൂമിയുടേയും ചുവടുപിടിച്ച് 'പുണ്യഭൂമി' എന്നാണ് പത്രത്തിന് പേരിട്ടിരിക്കുന്നത്. അടുത്ത ചിങ്ങത്തിൽ പ്രസിദ്ധീകരണം ആരംഭിക്കുമെന്ന് കരുതുന്നു. തുടക്കം മുതലേ 16 പേജുകളും അഞ്ച് മലയാള എഡിഷനുകളും ഉണ്ടാകുമത്രേ.

തുടങ്ങുന്നതാരെന്ന് കേൾക്കുമ്പോൾതന്നെ പത്രത്തിന്റെ സ്വഭാവം ഏകദേശം ഊഹിക്കാമല്ലോ. പോരെങ്കിൽ, പത്രത്തിന്റെ പ്രചരണാർത്ഥം ഇറക്കിയ ലഘുലേഖയിൽ പത്രത്തിന് നല്കിയിരിക്കുന്ന വിശേഷണങ്ങളുടെ കൂട്ടത്തിൽ 'ദേശീയതയുടെ തിലകക്കുറി', ഹൈന്ദവ വിശ്വാസത്തിന്റെ അഭിമാന ധ്വജം' എന്നും പത്രത്തിന്റെ പ്രധാന ലക്ഷ്യങ്ങളുടെ കൂട്ടത്തിൽ 'മതപരിവർത്തനം തടയുക', 'ദേശീയ വിരുദ്ധ നീക്കങ്ങൾക്ക് കടിഞ്ഞാണിടുക' എന്നുകൂടി വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട്, ഇറങ്ങാൻപോകുന്ന സാധനത്തിന്റെ നിറവും മണവും ഗുണവും ഇപ്പോഴേ മനസിലാക്കാം.

അകത്തുനിന്നും പുറത്തുനിന്നുമായി സമാഹരിച്ചിട്ടുള്ള വലിയൊരു മൂലധനത്തോടെയാണ് പത്രം തുടങ്ങുന്നത്. അതുകൊണ്ട് വായനക്കാർ അധികമില്ലെങ്കിലും തരക്കേടുണ്ടാവില്ലത്രെ. എങ്കിലും പുണ്യഭൂമി പുതുതായി നേടിയെടുക്കാൻ പോകുന്ന വായനക്കാർ ഇപ്പോൾ മറ്റു രണ്ടു ഭൂമികളിലേതെങ്കിലും ഒന്ന് വായിക്കുന്നവരായിരിക്കും.

മലയാള മനോരമയുടെ വായനക്കാരാരുംതന്നെ അതു നിർത്തി പുണ്യഭൂമി വരുത്താൻ പോകുന്നില്ല. ജന്മഭൂമിക്കാകട്ടെ നഷ്ടപ്പെടാൻ മാത്രം വലിയൊരു പ്രചാരം ഇപ്പോൾ ഇല്ലതാനും. അപ്പോൾ പുണ്യഭൂമിയുടെ അവതാരം മാതൃഭൂമിയെ കാര്യമായി ബാധിക്കും എന്നുതന്നെ വിചാരിക്കണം. മികച്ച സാങ്കേതിക തികവോടുകൂടി പുണ്യഭൂമി പുറത്തിറങ്ങുകയാണെങ്കിൽ മാതൃഭൂമിയുടെ വായനക്കാരിലെ സവർണ, സമ്പന്ന വിഭാഗത്തിൽപ്പെട്ട ഭൂരിഭാഗവും മാതൃഭൂമിയെ കയ്യൊഴിയുവാൻ തയ്യാറായേക്കുമെന്നാണ് അഭിപ്രായപ്രകടനങ്ങൾ സൂചിപ്പിക്കുന്നത്. അതേസമയം, അമിത ഹൈന്ദവീയതയിലൂന്നുന്ന ഒരു പത്രത്തേയും ദേശീയപത്രമായി മലയാളി അംഗീകരിക്കില്ലെന്നും അതുകൊണ്ടുതന്നെ പുണ്യഭൂമി തങ്ങൾക്കൊരു ശത്രുവാകില്ലെന്നും മാതൃഭൂമി കരുതുന്നുണ്ട്. ദേശാഭിമാനിയും ജന്മഭൂമിയുമൊക്കെ പോലെ ഒരു രണ്ടാംപത്രമായി മാത്രമേ പുണ്യഭൂമിയും സ്വീകരിക്കപ്പെടൂ എന്നും മാതൃഭൂമി നിർത്തി പുണ്യഭൂമി വാങ്ങുവാൻ സാധ്യത കുറവാണെന്നും പറയപ്പെടുന്നു.

പക്ഷെ, മലയാളത്തിൽ മാതൃഭൂമിക്ക് ഇന്നുള്ളസ്ഥാനം നേടുകയാണ് പുണ്യഭൂമിയുടെ ലക്ഷ്യം. അതു നേടാനാവുമോ?